(സി) ട്രാഫിക് പി.എസ്. ക്രൈം 155/01, കേസ്സിന്റെ പുനരന്വേഷണം തിരുവനന്തപുരം സിറ്റി ട്രാഫിക് പി.എസ്. നോർത്ത് സർക്കിൾ ഇൻസ്പെക്ടർ നടത്തുന്നതിലേയ്ക്ക് ഉത്തരവ് നൽകിയിട്ടുണ്ട്. കുറ്റപത്രം നൽകിയ പ്രതി നിരപരാധിയാണെന്നു കണ്ടാൽ ഈ കേസ് വീണ്ടും അന്വേഷണം നടത്തി ചാർജ്ജ് ഹാജരാക്കിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) പുതുതായി ഉത്തരവായ പുനർ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ കെ. എസ്. ആർ. ടി. സി. ബസ്സിന്റെ ഇടപെടലിനെപ്പറ്റി വിശദമായി അന്വേഷിക്കുന്നുണ്ട്.

(ഇ) പോലീസ് സ്റ്റേഷനുകളിൽ സബ് ഇൻസ്പെക്ടർമാർ മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥന്മാർ കേസുകളിൽ അന്വേഷണം നടത്തിയതിനുശേഷം കേസുകളിലെ പ്രതികൾക്കെതിരെ കുറ്റപത്രം ഫയൽ ചെയ്യുന്നതിന് മേലുദ്യോഗസ്ഥൻമാരുടെ അനുമതി ആവശ്യമില്ല, എന്നാൽ കുറ്റപത്രം സമർപ്പിച്ചതിനുശേഷം കേസ് ഡയറി മുഖാന്തിരം വിവരം മേലുദ്യോഗസ്ഥൻമാരെ അറിയിക്കേണ്ടതുണ്ട്.

(എഫ്) ഒരു കേസ്സിന്റെ അന്വേഷണത്തിനുശേഷം കുറ്റപത്രം ഫയൽ ചെയ്യുന്നതിന് പോലീസ് സ്റ്റേഷനിലെ സബ് ഇൻസ്പെക്ടർക്ക് മേലുദ്യോഗസ്ഥന്റെ അനുമതി ആവശ്യമില്ല.

ലോക്കപ്പ് മരണത്തിന് വിധേയരായവരുടെ ആശ്രിതർക്ക് ധനസഹായം

28 [2510] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലോക്കപ്പ് മരണത്തിന് വിധേയരായിട്ടുള്ളവരുടെ അനന്തരാവകാശികൾക്ക് എന്തെങ്കിലും ധനസഹായം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് ലോക്കപ്പ് മരണം നടന്നിട്ടില്ല.

(ബി) ഉത്തരം 'എ'-യുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly